സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - മരാമത്ത് വിഭാഗത്തിൽ ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരണം - പുതിയ ഹെഡ് രൂപീകരിച്ച് ഫണ്ട് അനുവദിക്കുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 67/18/Est-1** നന്തൻകോട്, **26-12-2018**

---

പരാമർശം :- 1) 07-12-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്
2) ദേവസ്വം കമ്മീഷണറുടെ 19-12-2018 ലെ ROC 29482/18/Est-A നമ്പർ റിപ്പോർട്ട്.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 19-12-2018 ലെ DA 818/18/B-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

മരാമത്ത് വിഭാഗത്തിൽ ചെങ്ങന്നൂർ ആസ്ഥാനമാക്കി പുതുതായി രൂപീകരിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആഫീസിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലൻസുകളും മറ്റും പ്രസ്തുത ആഫീസിൽ ചെലവെഴുതുന്നതിലേക്ക് പുതിയ ഹെഡ് രൂപീകരിച്ച് ഫണ്ട് അനുവദിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തിയിരുന്നു (പരാമർശം -1).

തുടർന്ന് ഇക്കാര്യം സംബന്ധിച്ച് ലഭിച്ച പരാമർശം 2, 3 റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ റിവൈസ്ഡ് ബഡ്ജറ്റ് സമ്പ്രദായം നിലവില്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ആഫീസിനായി പുതിയ Head of Account ആരംഭിക്കുന്നതാണ് ഉചിതമെന്ന് വിലയിരുത്തി ചുവടെ വിവരിക്കുംപ്രകാരം ബോർഡുത്തരവാകുന്നു.

- 2019-2020 വർഷത്തെ ബഡ്ജറ്റിൽ 01-04-2019 മുതൽ പുതുതായി ഒരു Head of Account ഉൾപ്പെടുത്തുന്നതുവരെ (31-03-2019 വരെ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പമ്പ (ശബരിമല ഡവലപ്പ്മെന്റ് പ്രോജക്ട്, പത്തനംതിട്ട) (VIII A 1(2)) മുഖാന്തിരം ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷനിലെ ചെലവുകൾ നടത്തേണ്ടതാണ്.
- 01-04-2019 മുതൽ വരവിനും ചെലവിനുമായി ധനലക്ഷ്മി ബാങ്കിന്റെ ചെങ്ങന്നൂർ ശാഖയിൽ ഓരോ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു. 01-04-2019 മുതൽ പ്രസ്തുത അക്കൗണ്ടുകൾ മുഖേന ക്രയവിക്രയങ്ങൾ നടത്തേണ്ടതാണ്.

(മറുപുറം)

EOP

- ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ 31-03-2019 വരെയുള്ള വരവും ചെലവും സംബന്ധിച്ച് പമ്പ എക്സിക്യൂട്ടീവ് എഞ്ചിനീയർ വെവ്വേറെ റെക്കോർഡുകൾ പരിപാലിച്ച് സൂക്ഷിക്കേണ്ടതും അതോടൊപ്പം ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷനിലും റെക്കോർഡുകൾ സൂക്ഷിക്കേണ്ടതാണ്.
- 31-03-2019 വരെ ചെലവിന്റെ പ്രൊപ്പോസലുകൾ ചെങ്ങന്നൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), പമ്പ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകേണ്ടതും പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പമ്പ എക്സിക്യൂട്ടീവ് എഞ്ചിനീയർ തുക അനുവദിക്കേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
4. ചീഫ് എഞ്ചിനീയർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ചെങ്ങന്നൂർ
8. എക്സിക്യൂട്ടീവ് എഞ്ചിനീയർ (എസ്.ഡി.പി), പത്തനംതിട്ട
9. ഇ.ഡി.പി. സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK